"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - എറണാകുളം ജില്ലയിൽ സെന്റ് ആൽബർട്ട്സ് കോളേജിന്റെ കൈവശമുള്ള ഭൂമി പതിച്ചു നൽകുന്നതിന് എറണാകുളം ജില്ലാ കളക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

**റവന്യൂ (എ) വകുപ്പ്**

സ.ഉ.(കൈ) നം.159/2026/RD    തീയതി,തിരുവനന്തപുരം, 15-03-2026

പരാമർശം:-

1. 24-11-1995 ലെ സ. ഉ. (കൈ) നം. 582/95/റവ.
2. 05-09-2011 ലെ സ. ഉ. (എം.എസ്) നം. 325/11/റവ.
3. 16.12.15 ലെ സ.ഉ.(എം.എസ്.) നം. 673/15/റവ
4. 01.02.2016-ലെ സ.ഉ. (എം.എസ്) നം. 76/16/റവ.
5. 18.02.2016 ലെ സ ഉ (കൈ ) 126/2016 റവ .
6. 03.03.2026 ലെ എറണാകുളം ജില്ലകളക്ടറുടെ DCEKM/7224/2023/L1നമ്പർ കത്ത്.

**ഉത്തരവ്**

എറണാകുളം ജില്ലയിൽ, കണയന്നൂർ താലൂക്കിൽ എളംകുളം വില്ലേജിൽ 97/6, 8, 12, 15, 16, 17, 99/4, 100/3, 106/3 എന്നീ സർവ്വേ നമ്പറുകളിൽപ്പെട്ട 1.8392 ഹെക്ടർ സ്ഥലം 50 വർഷത്തേക്ക് 50 രൂപ നിരക്കിൽ സെന്റ് ആൽബർട്ട് കോളേജിന് പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം പാട്ടത്തിനു നൽകിയിരുന്നു. തുടർന്ന് 1995 മുതൽ 2004 വരെയുള്ള പാട്ടക്കുടിശ്ശികയായ 1,81,57,446/- രൂപയുടെ 25% തുക കുടിശ്ശികയിനത്തിൽ സെന്റ് ആൽബർട്ട്സ് കോളേജ് അടച്ചു തീർക്കേണ്ടതാണെന്നും 2004 മുതൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കായി രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയുടെ ശുപാർശപ്രകാരമുള്ള പാട്ടത്തുക ഈടാക്കേണ്ടതാണെന്നും പരാമർശം (2) ലെ പ്രകാരം ഉത്തരവായിരുന്നു. എറണാകുളം ജില്ലയിൽ സെന്റ് ആൽബർട്ട്സ് കോളേജ് കൈവശം വച്ചിരുന്ന ഭൂമിയിൽ നിന്നും കൊച്ചി മെട്രോയ്ക്ക് വിട്ടു നൽകിയ 88 സെന്റ് ഭൂമിയ്ക്ക് പകരമായി വിശാല കൊച്ചി വികസന അതോറിട്ടിയുടെ 74 സെന്റും 14 സെന്റ് (റോയൽ ഗാർഡൻസിൽ നിന്നും ഒഴിപ്പിച്ചെടുത്തത്) സർക്കാർ ഭൂമിയും ചേർ ത്ത് 8 8 സെന്റ് സ്ഥലം സെന്റ് ആൽബർട്ട്സ് കോളേജിന് വിട്ടുനൽകികൊണ്ട് പരാമർശം (3) ലെ പ്രകാരം പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർ ന്ന് പരാമർശം (4) പ്രകാരം പ്രകാരം സെന്റ് ആൽബർട്ട്സ് കോളേജിന്റെ പാട്ടക്കുടിശ്ശിക തുക എഴുതിതള്ളുന്നതിനും പ്രസ്തുത 8 8 സെന്റ് സ്ഥലം പതിച്ചുനൽകികൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

2) തുടർന്ന് പരാമർശം (5) പ്രകാരം സെന്റ് ആൽബർട്ട്സ് കോളേജിന്റെ കൈവശമിരിക്കുന്ന 3.80 ഏക്കർ സ്ഥലത്തിന് പട്ടയം നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 01.01.2016 മുതൽ 30.04.2016 വരെയുള്ള

മന്ത്രിസഭായോഗ തീരുമാനങ്ങൾ പുന:പരിശോധിക്കുന്നതിന് രൂപീകരിച്ചിട്ടുള്ള മന്ത്രിസഭാ ഉപസമിതി, മേൽ സർക്കാർ ഉത്തരവ് പുന:പരിശോധിക്കുകയും ചുവടെ പറയും പ്രകാരം അഭിപ്രായപ്പെടുകയുമുണ്ടായി.

"സർക്കാർ ഉത്തരവ് പ്രകാരം പാട്ടത്തിനനുവദിച്ച ഭൂമി ജി.സി.ഡി.എ യുമായി പരസ്പര ധാരണയിൽ സർക്കാരിന്റെ അനുമതിയില്ലാതെ കൈമാറ്റം നടത്തിയതിനു ശേഷം സെന്റ് ആൽബർട്ട്സിന്റെ കൈവശമുള്ള ഭൂമിയ്ക്ക് പകരം ഭൂമി നൽകണമെന്ന ആവശ്യം ന്യായീകരിക്കുവാൻ സാധിക്കാത്തതാണ്. കൂടാതെ സെന്റ് ആൽബർട്ട്സിന് അനുവദിച്ച ലീസ് ഭൂമി റോയൽ ഗാർഡൻസ് എന്ന നഴ്സറിക്ക് സബ് ലീസ് ചെയ്തിരുന്നതും ആയത് ഒഴിപ്പിച്ചെടുത്തിട്ടുള്ളതുമാണ്. മേൽപ്പറഞ്ഞ പരസ്പര കൈമാറ്റങ്ങളെല്ലാം ലീസ് നിയമങ്ങൾക്ക് വിരുദ്ധമാണ്. 1995-2004 കാലയളവിൽ 1,81,57,446/- രൂപ പാട്ടക്കുടിശ്ശിക ഉള്ളതായി തിട്ടപ്പെടുത്തിയിട്ടുണ്ട്. അതിന്റെ 25% ആയ 45,39,366/- രൂപ സെന്റ് ആൽബർട്ട്സ് കോളേജിൽ നിന്നും ഈടാക്കുവാനും തീരുമാനിച്ചിരുന്നു. എന്നാൽ പ്രസ്തുത തുക സെന്റ് ആൽബർട്ട്സ് കോളേജ് അധികൃതർ ഒടുക്കിയിട്ടില്ല. 2004 മുതലുള്ള പാട്ടക്കുടിശ്ശിക കണക്കാക്കിയിട്ടില്ല. കൊച്ചി മെട്രോയ്ക്ക് വേണ്ടി 53.92 ആർ (133.23സെന്റ്) സ്ഥലം ഏറ്റെടുത്തിട്ടുണ്ടെങ്കിലും സെന്റ് ആൽബർട്ട്സുമായി സ്ഥലം വച്ച് മാറിയതുകൊണ്ടാണ് ജി.സി.ഡി.എ യ്ക്ക് കൂടുതൽ സ്ഥലം നഷ്ടം വരുന്നതായി കാണുന്നത്. ജില്ലാ കളക്ടർ ഇപ്രകാരം റിപ്പോർട്ട് നൽകിയതാണ്. എന്നാൽ മന്ത്രിസഭായോഗ തീരുമാന പ്രകാരം ലീസിനുള്ള സ്ഥലത്തിന് പകരം പ്രൈംലാന്റ് പതിച്ച് നൽകിയത് അനുചിതവും നിയമപരമായി ശരിയല്ലാത്തതുമാകുന്നു. സർക്കാരിന് കനത്ത സാമ്പത്തിക നഷ്ടം ഉണ്ടാക്കുന്ന വിധത്തിൽ പാട്ടക്കുടിശ്ശിക എഴുതിത്തള്ളിയതിനും നിയമത്തിന്റെ പിൻബലമില്ല. പാട്ടം പുതുക്കി നൽകാവുന്നതാണ്. തീരുമാനം പുനപരിശോധിക്കേണ്ടതാണ്. " മന്ത്രിസഭാ ഉപസമിതിയുടെ പ്രസ്തുത ശുപാർശ 14.3.2017-ലെ മന്ത്രിസഭായോഗം ഇനം.715 ആയി അംഗീകരിച്ചിരുന്നു.

3) സെന്റ് ആൽബർട്ട്സ് കോളേജ് കൊച്ചി മെട്രോ റയിൽ പദ്ധതിയ്ക്കായി 8 8 സെന്റ് സ്ഥലം വിട്ടു നല്കിയിട്ടുള്ളതായി മെട്രോ റെയിൽ പ്രതിനിധികൾ അറിയിച്ചിട്ടുണ്ടെന്നും വിശദമായ പരിശോധനയിൽ സർക്കാർ സെന്റ് ആൽബർട്ട്സ് കോളേജിന് പാട്ടത്തിനു നൽകിയിരുന്നതിൽ 19.42 ആർ (48.55 cents) മാത്രമാണ് കൊച്ചി മെട്രോ റെയിൽ പ്രോജക്ടിനുവേണ്ടി ഏറ്റെടുത്തത് എന്നും ബാക്കിയുള്ള 39.45 സെന്റ് സ്ഥലം, സെന്റ് ആൽബർട്ട്സ് കോളേജ് സർക്കാർ അനുമതിയില്ലാതെ പാട്ടഭൂമി GCDA യ്ക്ക് കൈമാറി പകരം അവരുടെ ഭൂമി ഏറ്റെടുത്ത് കൈവശം വച്ചിരുന്നതിൽ നിന്നാണ് ഏറ്റെടുത്തത് എന്ന് വ്യക്തമാകുന്നുവെന്നും സെന്റ് ആൽബർട്ട്സ് കോളേജിന്റെ പ്രസ്തുത നടപടി പാട്ട വ്യവസ്ഥകൾക്ക് വിരുദ്ധമാണെന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4) സെന്റ് ആൽബർട്ട്സ് കോളേജിന്റെ കൈവശമുള്ള ഭൂമിയുമായി ബന്ധപ്പെട്ട വിഷയം ബഹു.റവന്യൂ വകുപ്പ്

മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹു.വ്യവസായ വകുപ്പ് മന്ത്രി, ബഹു.ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി എന്നിവരുടെ സാന്നിദ്ധ്യത്തിൽ 05/03/2026- ന് ചർച്ച ചെയ്യുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിയ്ക്കാൻ തീരുമാനിയ്ക്കുകയും ചെയ്തു.

(i) സെന്റ് ആർബർട്ട്സ് കോളേജ് പാട്ടമായി കൈവശം വെച്ച വരുന്ന ഭൂമിയുടെ പാട്ട കുടിശ്ശിക ഒരു പ്രത്യേക കേസായി പരിഗണിച്ച് ഇളവ് നൽകുന്ന കാര്യം സംബന്ധിച്ച്.

(ii) സെന്റ് ആർബർട്ട്സ് കോളേജ് കൈവശം വെച്ച വരുന്ന ഭൂമി പാട്ടത്തിന് നൽകുന്ന കാര്യം സംബന്ധിച്ച്.

(iii) രാജഭരണ കാലം മുതൽ കൈവശം വച്ച് വരുന്ന ഭൂമിയായതിനാൽ ഭൂമി പതിച്ച നൽകുന്നത് സംബന്ധിച്ച്.

5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, എറണാകുളം ജില്ലയിൽ സെന്റ് ആൽബർട്ട്സ് കോളേജിന്റെ കൈവശമുള്ള 88 സെന്റ് ഭൂമി നിയമാനുസൃതം പതിച്ച നൽകുന്നതിന് എറണാകുളം ജില്ലാ കളക്ടർക്ക് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എം ജി രാജമാണിക്കം
സെക്രട്ടറി

മാനേജർ, സെന്റ് ആൽബർട്ട്സ് കോളേജ്, എറണാകുളം.
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, എറണാകുളം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരളം, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ്. (ഇനം.നം.4029 OA. തീയതി 14/03/2026)
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ (എ3/92/2017)

ഉത്തരവിൻ പ്രകാരം

Signed by
Prathapachandran Sസെക്ഷൻ ഓഫീസർ
Date: 15-03-2026 15:40:03

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 14-03-2026

ഇനം നം: 4029

OA

വിഷയം : റവന്യൂ വകുപ്പ് - എറണാകുളം സെന്റ് ആൽബർട്സ് കോളേജ് കൈവശം വച്ചിരുന്ന ഭൂമി പതിച്ചു നൽകുന്നത്.

തീരുമാനം : എറണാകുളം ജില്ലയിൽ സെന്റ് ആൽബർട്സ് കോളേജിന്റെ കൈവശമുള്ള ഭൂമിയുമായി ബന്ധപ്പെട്ട വിഷയം ചർച്ച ചെയ്യുന്നതിനായി ബഹു.റവന്യൂ വകുപ്പു മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹു. വ്യവസായ വകുപ്പ്, ബഹു. ഉന്നത വിദ്യാഭ്യാസം വകുപ്പു മന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ 05.03.2026-ന് ചേർന്ന യോഗത്തിന്റെ ശിപാർശകൾ മന്ത്രിസഭ പരിഗണിച്ചു. കോളേജ് കൈവശം വച്ചു വരുന്ന 88 സെന്റ് ഭൂമി പതിച്ചു നൽകാൻ തീരുമാനിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, റവന്യൂ വകുപ്പ്.